# പതിന്നാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1212 07.06.2018 ൽ മറുപടിക്ക്**

**പശ്ചിമകൊച്ചിയിലെ വെയിറ്റിംഗ് ഷെഡുകളുടെ ടെണ്ടർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം പൊതുമരാമത്ത് റോഡ് വിഭാഗം പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പശ്ചിമകൊച്ചിയുടെ വിവിധ സ്ഥലങ്ങളിൽ ആറ് വെയിറ്റിംഗ് ഷെഡുകൾക്കായി 45ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയ പ്രവൃത്തി 26,06,082/- രൂപയ്ക്ക് ടെണ്ടർ വിളിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം 2017-18 കാലഘട്ടത്തിൽ ഭരണാനുമതി ലഭിച്ച ബസ് കാത്ത് നില്പ്പ് കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കു വേണ്ടി 29/11/2017-ൽ സമർപ്പിച്ചപ്പോൾ 18% ജി.എസ്.റ്റി(സർവീസ് നികുതി)യുള്ള തുക കൂടി ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ 13,16,170/- രൂപ എസ്റ്റിമേറ്റിൽ L.S. Provision ആയി ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. പിന്നീട് 11/12/2017-ൽ ആർ.ഡി.5/1025/17 (എസ്) നമ്പർ ഭരണാനുമതി ലഭ്യമായതിനെ തുടർന്ന് സാങ്കേതിക അനുമതിയ്ക്കായി പ്രസ്തുത എസ്റ്റിമേറ്റ് സമർപ്പിച്ചപ്പോൾ വിശദമായ പരിശോധന സ്കെച്ച് പ്രകാരം നടത്തുകയും നിലവിലെ ഡി.എസ്.ആർ 2016-ലെ റേറ്റും ബിൽഡിംഗ് ആയതിനാൽ കറച്ച് ഐറ്റത്തിന് ആയത് ACP Curtain wall, Granite flooring, Galvanized Iron Profile Sheets എന്നിവയ്ക്കു DAR (Building rates) ഉൾപ്പെടുത്തി സർവ്വീസ് നികുതി ഇല്ലാതെ 33 ലക്ഷം രൂപയ്ക്കു സാങ്കേതികാനുമതി നൽകി തുടർന്ന് ഐറ്റം റെയ്റ്റിൽ ടെണ്ടറിന് വിധേയമായപ്പോൾ കരാറുകാരൻ 25,51,597/- രൂപയ്ക്കു ക്വാട്ട് ചെയ്തു. സാങ്കേതികാനുമതി ലഭ്യമാക്കിയ 33 ലക്ഷം രൂപയിൽ (എസ്റ്റിമേറ്റ്) 7 ലക്ഷം രൂപ L.S. Provision ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) കളക്ടറുടെ 21.4.2018 ലെ കത്ത് മുഖേനയും | ബി) 21/04/2018-ൽ ആർ.ഡി.എസ്/1025/17 |

| | |
|---|---|
| അല്ലാതെ നിരവധി തവണയും ആവശ്യപ്പെട്ടിട്ടും, ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിന്റെ കാരണം വിശദമാക്കാമോ; | (എസ്) പ്രകാരം കളക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഉടൻ സമർപ്പിക്കുന്നതാണ്. |
| സി) പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | സി) കരാറുകാരൻ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ നിന്നും ഒഴിവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് തീരുമാനം എടുത്തതിനുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

[signature]

സെക്ഷൻ ഓഫീസർ